(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ക്യാമറ സ്ഥാപിച്ചതിന്റെ ഫലമായി 24 മണിക്കൂറും നഗരങ്ങളിലെ സ്ഥിതിഗതികൾ നിരീക്ഷിക്കാനും കുറ്റകൃത്യങ്ങൾ തെളിയിക്കാനും റോഡുകളിലെ ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കാനും, വി.വി.ഐ.പി.കൾ സന്ദർശിക്കുമ്പോൾ അവരുടെ സുരക്ഷയും നിരീക്ഷണവും ഉടങ്ങിയ കാര്യങ്ങൾ ഫലപ്രദമായി നടത്താനും പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതുമൂലം പോലീസിന് സഹായകരമായിട്ടുണ്ട്.

(ഡി) കെൽട്രോൺ മുഖാന്തിരമാണ് ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. ക്യാമറകൾ സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പിൽനിന്നും 48,66,99,488 (നാൽപ്പത്തിയെട്ട് കോടി അറുപത്തിയാറ് ലക്ഷത്തിതൊണ്ണൂറ്റിയൊമ്പതിനായിരത്തി നാനൂറ്റി എൺപത്തെട്ടിയെട്ട്) രൂപ ചെലവഴിച്ചിട്ടുണ്ട്.

എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിന് മുന്നിലെ സംഘർഷം

218 (219) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ 2014 ആഗസ്റ്റ് 18 ന് രാത്രി മുഖ്യമന്ത്രി താമസിച്ചിരുന്ന മുറിയുടെ മുന്നിൽ പോലീസ് നോക്കിനില്ക്കെ ഒരു എം.എൽ.എ.യും വസ്തുവ്യാപാരിയും തമ്മിൽ ഉണ്ടായ സംഘർഷത്തെ കുറിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഗസ്റ്റ് ഹൗസിൽ മുഖ്യമന്ത്രിയുടെ മുറിയ്ക്ക് മുന്നിൽ സംഘർഷത്തിൽ ഏർപ്പെട്ട ആർക്കെല്ലാം എതിരെ പോലീസ് കേസ് എടുത്തിട്ടുണ്ട് ; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിരിക്കുന്നത് ; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അറിയിക്കുമോ ;

(സി) കയ്യേറ്റശ്രമം ഉൾപ്പെടെയുള്ള സംഭവം സംബന്ധിച്ച പത്രവാർത്തകൾ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ ; അറിയിക്കുമോ ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഇത് സംബന്ധിച്ചുള്ള പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly